# Athmaraksha.org

അനുദിന പ്രാർത്ഥനകൾ

## ജോലിക്കു പോകുമ്പോഴുള്ള പ്രാർത്ഥന-Job




### ജോലിക്കു പോകുമ്പോഴുള്ള പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. എന്നിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അങ്ങുന്ന് എന്നെ ഭരമേൽപിച്ചിരിക്കുന്ന ഈ പ്രത്യേക ശുശ്രൂഷയെപ്രതി (അവരവരുടെ ജോലിയെക്കുറിച്ച് ഓർക്കുക) ഞാൻ അങ്ങേക്ക് നന്ദിപറയുന്നു. മനുഷ്യസേവനത്തിനായി അങ്ങ് എനിക്കു നൽകിയിരിക്കുന്ന അവസരമായി ഈ ശുശ്രൂഷയെ കാണുവാനും അതിൽ അഭിമാനം കൊള്ളുവാനും എന്നെ അങ്ങുന്ന് അനുഗ്രഹിക്കണമേ. എന്റെ എല്ലാ കഴിവുകളെയും സാഹചര്യങ്ങളെയും അങ്ങയുടെ പ്രത്യേകസംരക്ഷണയ്ക്കും പരിപാലനയ്ക്കുമായി ഞാൻ സമർപ്പിക്കുന്നു. എന്റെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ പക്കൽ അണയുന്ന എല്ലാവരോടും സ്നേഹത്തോടും സൗമ്യതയോടും കൂടി പെരുമാറുവാൻ അങ്ങ് എന്നെ അനുഗ്രഹിക്കണമേ. നീതിബോധത്തോടും സത്യസന്ധതയോടും കൂടെ സേവനമനുഷ്ഠിക്കുവാനും നിരുത്തരവാദിത്വപരമായ പെരുമാറ്റം വഴി ആരേയും വേദനിപ്പിക്കാതിരിക്കുവാനും അങ്ങുന്ന് എന്നെ ശക്തനാക്കണമേ (ശക്തയാക്കണമേ). എന്റെ ചിന്തകളോ വാക്കുകളോ പ്രവൃത്തികളോ വഴി അങ്ങയുടെ മുമ്പിൽ കുറ്റക്കാരനായിത്തീരാൻ (കുറ്റക്കാരിയായിത്തീരാൻ) അങ്ങുന്ന് എന്നെ അനുവദിക്കരുതേ. എല്ലായ്പ്പോഴും അങ്ങേക്കു പ്രീതികരമായവിധം ശുശ്രൂഷ ചെയ്തുകൊണ്ട് അവിടത്തെ മഹത്വപ്പെടുത്തുവാനും അവസാനം ഞങ്ങളെല്ലാവരുമൊരുമിച്ച് അങ്ങയുടെ മഹത്ത്വത്തിൽ പങ്കുകാരാകുവാനും ഞങ്ങളെ അങ്ങുന്ന് അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.

### തിരുവചനം

ചെയ്യാനുള്ളത് സർവ്വ ശക്തിയോടും കൂടെ ചെയ്യുക . എന്തെന്നാൽ നീ ചെന്നു ചേരേണ്ട പാതാളത്തിൽ ജോലിക്കോ ചിന്തയ്ക്കോ വിജ്ഞാനത്തിനോ അറിവിനോ സ്ഥാനമില്ല (സഭാപ്രസംഗകൻ 9:10).

നിന്റെ ദൈവമായ കർത്താവു നീ ചെയ്യുന്ന എല്ലാ ജോലികളിലും നീ ആരംഭിക്കുന്ന എല്ലാ പ്രവൃത്തികളിലും നിന്നെ അനുഗ്രഹിക്കും (നിയമാവർത്തനം 15:10).

എന്നെ ശക്‌തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലിപ്പി 4:13).

+++